കേരളത്തിലെ ആയിരം പഞ്ചായത്തുകളിലും വരരുതോ? പക്ഷേ എങ്കിലും ഒരു പഞ്ചായത്തിലെ വന്നുള്ളൂ. ഞാൻ അതിലെ രാഷ്ട്രീയ ദുഃസൂചന ഉപേക്ഷിക്കുന്നു. ഞാൻ ദുഃസൂചനയൊന്നും പറയുന്നില്ല. ഞാൻ രാഷ്ട്രീയവും പറഞ്ഞില്ല. ഡേറ്റ് പറഞ്ഞു. ഡേറ്റുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ എന്റെ തലയിൽ തൂവൽ ഉണ്ട് എന്നു തോന്നിയില്ലെങ്കിൽ എന്റെ കുറ്റമല്ല. മൂന്നാമത്തേത് ജല ചൂഷണം ഒഴിവാക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിലെ അതിരൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പരമ്പരാഗത ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഇന്ത്യാ ഗവൺമെന്റിനു മുമ്പാകെ നമ്മൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി തത്വത്തിൽ അംഗീകരിക്കുമെന്നു ഇന്ത്യാ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികളുമായി സംസ്ഥാന ഗവൺമെന്റ് നീങ്ങുന്നതാണ്.

(2) ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരണത്തിലെ കാലതാമസംമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ

ശ്രീ. പി. കെ. കെ. ബാവ : സർ, തദ്ദേശിയരും അന്യ സംസ്ഥാനക്കാരും വിദേശ ടൂറിസ്റ്റുകളും ഉൾപ്പെടെ ലക്ഷക്കണക്കായ തീർത്ഥാടകരും സന്ദർശകരും ദിനംപ്രതി വന്നുപോകുന്ന ഏക തീർത്ഥാടന കേന്ദ്രമാണ് ഗുരുവായൂർ. ഇവിടെ ഒരു അഴുക്കുചാൽ നിർമ്മാണ പദ്ധതിക്കുവേണ്ടി 1973-ൽ അന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ദിവംഗതനായ നഫാ സാഹിബായിരുന്നു നടപടി ആരംഭിച്ചത്. ഇതിന്റെ പണി 1975-ൽ ആരംഭിക്കുകയും ചെയ്തു. കിണറുകളും പമ്പുകളും 90 ശതമാനം പൈപ്പു ലൈനുകളും സ്ഥാപിച്ചു. ആവശ്യമായ സ്ഥലം അക്വയർ ചെയ്തു. പ്ലാന്റുണ്ടാക്കുന്നിടത്തുണ്ടാകാവുന്ന ശുദ്ധജല മലിനീകരണത്തിന് ശാശ്വത പരിഹാരമായി ജനങ്ങളും ജനപ്രതിനിധികളും ആവശ്യപ്പെട്ട പ്രകാരം 25 ലക്ഷം രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയും, ഈ പദ്ധതിയുടെ അനുബന്ധമായി നടപ്പിലാക്കാൻ ഉത്തരവായി. ഈ ശുദ്ധജല പദ്ധതിയുടെ ഉന്നതതല ജലസംഭരണി ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടാങ്ക് ഒഴിവാക്കി പൈപ്പ് ലൈനിൽകൂടി ശുദ്ധജല വിതരണം 2004 ഡിസംബർ മുതൽ തുടങ്ങിയിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി 9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പക്ഷേ ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടു മാത്രം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഗുരുവായൂരിൽ വന്നുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കായ ടൂറിസ്റ്റുകളും തീർത്ഥാടകരും നാട്ടുകാരും ഏറെ ദുരിതവും ദുരന്തവും അനുഭവിക്കുകയാണ്. ഇത് അവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. മണ്ണുതന്നെ വിഷം ആയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അഴുക്കുചാൽ പദ്ധതി 30 വർഷം മുമ്പ് രൂപകല്പന ചെയ്തതാകയാൽ ഇന്നത്തെ ആവശ്യത്തിന് അനുസരണമായി ഇത് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. 11,59,00,000 രൂപയുടെ പുതുക്കിയ പദ്ധതി ഹഡ്കോയുടെ സഹായത്തോടുകൂടി പ്രാവർത്തികമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഇതിന്റെ പണി, ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ മെക്കോൺ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്ത് കൊടുത്തതാണ്. പക്ഷേ ഡിസൈനിലും മറ്റും ഉണ്ടായ ചില ചില്ലറ മാറ്റത്തെ തുടർന്നു കമ്പനി കൂടുതൽ തുക ആവശ്യപ്പെട്ടു. അതിനെത്തുടർന്ന് ഗവൺമെന്റ് കരാർ റദ്ദാക്കി പുതിയ ടെൻഡർ നടപടിക്ക് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനുശേഷം പറയത്തക്ക പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി എത്രയും വേഗം ആരംഭിച്ച് ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അങ്ങയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഒരു പ്രത്യേക ചർച്ച ഇതിനുവേണ്ടി സംഘടിപ്പിച്ച് ഈ സ്കീം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു പ്രത്യേക പ്രോഗ്രാം തയ്യാറാക്കുന്നതിനുകൂടി ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ഗുരുവായൂർ അഴുക്കുചാൽ പദ്ധതി വളരെ പഴക്കം ചെന്ന ഒരു പദ്ധതിയാണ്. 1975- ലാണ് ഇത് ആരംഭിച്ചത്. പൈപ്പ് ലൈൻ ഇടുന്നതും ഡിസ്ട്രിബ്യൂഷൻ പണികളും ഏകദേശം 90 ശതമാനത്തോളം പൂർത്തിയായി. ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി സ്ഥലം എടുത്തിട്ടുണ്ട്. എന്നാൽ സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും ചർച്ച നടത്തിയെങ്കിലും അത് വിജയിച്ചില്ല. വീണ്ടും മന്ത്രി തലത്തിൽ ചർച്ച നടത്തി, ട്രീറ്റുമെൻറ് പ്ലാന്റിന്റെ പണിതുടങ്ങി. ടെൻഡർ വ്യവസ്ഥയിൽ നിർദ്ദേശിച്ചിരുന്ന ഫൗണ്ടേഷനും വർക്ക് ഏറ്റെടുത്ത മെക്കോൺ കമ്പനി ഡിസൈൻ ചെയ്ത പ്രകാരം ചെയ്യേണ്ട പണിയിൽ വരുന്ന വ്യതിയാനം 88 ലക്ഷം രൂപയാണ്. അതുവേണമെന്നു കമ്പനി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ ഏകദേശം രണ്ട് വർഷത്തോളം വേണ്ടി വന്നു. ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുമായി ബന്ധപ്പെട്ട് 1994-ലും 1997-ലും ഫയൽ ചെയ്തിരുന്ന ഒ.പി.യുടെ വിധി 30-1-2004-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്താവിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വിധി പ്രകാരം ട്രീറ്റുമെന്റ് പ്ലാന്റിൽനിന്നു പുറംതള്ളപ്പെടുന്ന വസ്തുക്കൾ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നില്ല എന്നു ഉറപ്പു വരുത്തണമെന്നും അതിനായി സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് പഠനം നടത്താൻ കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തണമെന്നും തീരുമാനിച്ചു. പഠന റിപ്പോർട്ട് 2004 ജൂലായ് മാസത്തിൽ സർക്കാരിന് ലഭിച്ചു. പ്ലാന്റിൽ നിന്നു പുറന്തള്ളപ്പെടുന്ന വസ്തുക്കൾ ജനറൽ അഫ്ളുവൻസ് സ്റ്റാന്റേർഡ് പ്രകാരമാണെങ്കിൽ മൽസ്യബന്ധനത്തിനോ ജലസമ്പത്തിനോ ദോഷം ഉണ്ടാവുകയില്ല എന്നു റിപ്പോർട്ടിൽ പറയുന്നുണ്ട്. അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ചും ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം വളരെ ആവർത്തിച്ച് ആവശ്യപ്പെട്ടതു കൊണ്ട് ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ച ചെയ്യുന്നതിന് ഏപ്രിൽ 6-ാം തീയതി തിരുവനന്തപുരത്ത് വകുപ്പ് ഉദ്യോഗസ്ഥന്മാരെ വിളിക്കുന്നുണ്ട്. അതുകൂടാതെ ഏപ്രിൽ 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് ഇതിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്നുകൊണ്ട്—ദേവസ്വം വകുപ്പിന്റെ ധനകാര്യവകുപ്പിന്റെ അതോടൊപ്പംതന്നെ ജലവിഭവ വകുപ്പിന്റെ—എല്ലാംകൂടി സംയുക്തമായി ഒരു യോഗം ഗുരുവായൂരിൽതന്നെ വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി കഴിയുന്നത്ര വേഗം കമ്മീഷൻ ചെയ്യണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുവേണ്ടിയുള്ള ശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ : സർ, ട്രീറ്റുമെന്റ് പ്ലാന്റിന്റെ റീ-ടെൻഡർ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, അത് എത്രയും വേഗം റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ 6-ാം തീയതി തിരുവനന്തപുരത്തുവെച്ച് നടക്കുന്ന ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽവെച്ച് ഇതുസംബന്ധിച്ച് അവശേഷിക്കുന്ന ഏതെങ്കിലും പണികൾക്ക് നടപടിയെടുക്കാനുണ്ടെങ്കിൽ ആ യോഗത്തിൽവെച്ച് ചർച്ച ചെയ്ത് നടപടിയുമായി മുന്നോട്ട് പോകാം.

LIBRARY ARCHIVES Kerala Legislative Assembly